പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2600 | 19/3/2015-ലെ മറുപടിയ്ക്ക്

## ശരണ്യാ സ്വയംതൊഴിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) | |
| (എ) | ശരണ്യാ സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | ശരണ്യാ സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി (2011-12, 2012-13, 2013-14) ആകെ 5314 പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് ഒരാൾക്ക് നിലവിൽ നൽകുന്നത്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; | ബി) | ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50000/- രൂപ പലിശരഹിത വായ്പയാണ് അനുവദിക്കുന്നത്. എന്നാൽ അവർ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിയ്ക്കുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ സർക്കാർ സബ്സിഡിയായി അനുവദിക്കുന്നു. വായ്പത്തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) | പദ്ധതിക്കായി തെരഞ്ഞെടുക്കുന്നവർക്ക് പരിശീലനം നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തി | സി) | പദ്ധതിക്കായി തെരെഞ്ഞെടുക്കുന്നവർക്ക് ഒരാഴ്ചയിൽ കുറയാത്ത EDP ട്രെയിനിംഗ് (Entrepreneurship Development Training) ഓരോ ജില്ലയിലേയും |

നിടയിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

ലീഡ് ബാങ്കിന്റെ കീഴിലുള്ള RSETI കൾ (Rural Self Employment Training Institute) വഴി നൽകുന്നുണ്ട്. കഴിഞ്ഞമൂന്ന്വർഷത്തിനിടയിൽ പരിശീലനം നൽകിയവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.

ഡി) പദ്ധതിയിലേക്ക് കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ എത്ര പേർ അപേക്ഷിച്ചിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യകിതമാക്കുമോ?

ഡി) ശരണ്യാ പദ്ധതിയ്ക്കായി സംസ്ഥാന വ്യാപകമായി അവസാനമായി അപേക്ഷ ക്ഷണിച്ചത് 2012-2013 സാമ്പത്തിക വർഷത്തിലാണ്. ടി അവസരത്തിൽ 11000–ൽ അധികം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ടി അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വായ്പ വിതരണം നടത്തിവരുന്നു. അപേക്ഷകർക്ക് പൂർണ്ണമായും വായ്പ വിതരണം നടത്തിയതിന് ശേഷം 2015-2016 സാമ്പത്തിക വർഷത്തിൽ പുതുതായി ശരണ്യാപദ്ധതി അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

അട്ടപ്പാടി സ്പെഷ്യൽ പ്രോഗാമുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ അട്ടപ്പാടി യിൽ മാത്രമായി 2013-2014 സാമ്പത്തിക വർഷം ശരണ്യാപദ്ധതി അപേക്ഷകൾ സ്വീകരിച്ചിരുന്നു. ഇതിൽ ആകെ 27 അപേക്ഷകൾ ലഭിച്ചിരുന്നു. 2012-2013 സാമ്പത്തിക വർഷം ലഭ്യമായ അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമനമ്പർ | ജില്ല | സാമ്പത്തികവർഷം | | |
|---|---|---|---|---|
| | | 2011-2012 | 2012-2013 | 2013-2014 |
| 1 | തിരുവനന്തപുരം | 107 | 147 | 173 |
| 2 | കൊല്ലം | 62 | 225 | 281 |
| 3 | പത്തനംതിട്ട | 37 | 84 | 159 |
| 4 | ആലപ്പുഴ | 115 | 352 | 251 |
| 5 | കോട്ടയം | 51 | 153 | 163 |
| 6 | ഇടുക്കി | 43 | 79 | 200 |
| 7 | എറണാകുളം | 89 | 106 | 337 |
| 8 | തൃശ്ശൂർ | 21 | 106 | 107 |
| 9 | പാലക്കാട് | 66 | 84 | 247 |
| 10 | മലപ്പുറം | 59 | 92 | 250 |
| 11 | കോഴിക്കോട് | 93 | 118 | 198 |
| 12 | വയനാട് | 35 | 41 | 120 |
| 13 | കണ്ണൂർ | 39 | 80 | 188 |
| 14 | കാസറഗോഡ് | 15 | 51 | 27 |
| | ആകെ | 832 | 1781 | 2701 |

സെക്ഷൻ ഓഫീസർ

അനുബന്ധം- 2

| ക്രമനമ്പർ | ജില്ല | സാമ്പത്തികവർഷം | | |
|---|---|---|---|---|
| | | 2011-2012 | 2012-2013 | 2013-2014 |
| 1 | തിരുവനന്തപുരം | 0 | 153 | 176 |
| 2 | കൊല്ലം | 62 | 225 | 281 |
| 3 | പത്തനംതിട്ട | 37 | 84 | 159 |
| 4 | ആലപ്പുഴ | 276 | 141 | 339 |
| 5 | കോട്ടയം | 0 | 44 | 347 |
| 6 | ഇടുക്കി | 43 | 59 | 200 |
| 7 | എറണാകുളം | 89 | 106 | 337 |
| 8 | തൃശ്ശൂർ | 21 | 106 | 107 |
| 9 | പാലക്കാട് | 0 | 54 | 315 |
| 10 | മലപ്പുറം | 59 | 92 | 250 |
| 11 | കോഴിക്കോട് | 93 | 118 | 198 |
| 12 | വയനാട് | 56 | 39 | 117 |
| 13 | കണ്ണൂർ | 39 | 80 | 188 |
| 14 | കാസറഗോഡ് | 19 | 47 | 33 |
| ആകെ | | 794 | 1348 | 3047 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

| ക്രമനമ്പർ | ജില്ല | 2012-2013 സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകൾ. |
|---|---|---|
| 1 | തിരുവനന്തപുരം | 1614 |
| 2 | കൊല്ലം | 1803 |
| 3 | പത്തനംതിട്ട | 250 |
| 4 | ആലപ്പുഴ | 1064 |
| 5 | കോട്ടയം | 503 |
| 6 | ഇടുക്കി | 465 |
| 7 | എറണാകുളം | 925 |
| 8 | തൃശ്ശൂർ | 692 |
| 9 | പാലക്കാട് | 1368 |
| 10 | മലപ്പുറം | 757 |
| 11 | കോഴിക്കോട് | 720 |
| 12 | വയനാട് | 176 |
| 13 | കണ്ണൂർ | 559 |
| 14 | കാസറഗോഡ് | 107 |
| | ആകെ | 11003 |

സെക്ഷൻ ഓഫീസർ